# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 5

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. (2017 അഡ്മിഷൻ റഗുലർ) ബി.എസ്‌സി. റിക്രിയേഷൻ, ലെഷർ ആന്റ് സ്പോർട്സ് സ്റ്റഡീസിന്റെ ടീച്ചിംഗ് ആന്റ് ട്രെയിനിംഗ് മെതഡോളജി, റിസർച്ച് മെതേഡ്സ്, സ്പോർട്സ് ഇൻജുറി അസസ്മെന്റ് ആന്റ് മാനേജ്മെന്റ്, സ്പോർട്സ് ന്യൂട്രിഷൻ എന്നീ പേപ്പറുകളുടെ പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് ഒൻപത്, 13, 16, 19 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1477/2019)

## വൈവാവോസി ഇന്ന്

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. വൈവാവോസി ഇന്ന് (ഓഗസ്റ്റ് 6) രാവിലെ 11 ന് നടക്കും.

(പി.ആർ.ഒ./39/1478/2019)

## വൈവാവോസി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. 2017-19 ബാച്ചിന്റെ നാലാം സെമസ്റ്റർ വൈവാവോസി ഓഗസ്റ്റ് ഒൻപതിന് രാവിലെ 10 മുതൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1479/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

നാലാം സെമസ്റ്റർ ബി.എ. സപ്ലിമെന്ററി മാർച്ച് 2019 പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഓഗസ്റ്റ് 13, 14 തീയതികളിൽ രാവിലെ 10.30നും വൈകീട്ട് നാലിനുമിടയിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 413-ാം നമ്പർ മുറിയിൽ തിരിച്ചറിയൽ രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1480/2019)

## അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

2018 ഓഗസ്റ്റിൽ നടന്ന എം.എഫ്.എ. അപ്ലൈഡ് ആർട്ട്, പെയിന്റിംഗ് ആന്റ് സ്കൾപ്ചർ പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പെയിന്റിംഗിൽ ഉത്തര രമേഷ്, ചിത്ര ചന്ദ്രൻ, ജി. ആനന്ദ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. അപ്ലൈഡ് ആർട്ടിൽ ശരത് മുരുകനും സ്കൾപ്ചറിൽ അജയ് സി. സോമനും ഒന്നാം റാങ്ക് നേടി.

(പി.ആർ.ഒ./39/1481/2019)

## നാലാം സെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷ; മൂല്യനിർണയം ഇന്നു മുതൽ (ഓഗസ്റ്റ് 6)

നാലാം സെമസ്റ്റർ സി.ബി.സി.എസ്. പരീക്ഷയുടെ മൂല്യനിർണയം (ഹോം വാല്യുവേഷൻ സ്പെഷൽ സ്കീം) ഇന്നു മുതൽ (ഓഗസ്റ്റ് 6) എട്ട് മേഖലാ ക്യാമ്പുകളിൽ ആരംഭിക്കും. ഇന്ന് ബി.കോം

അധ്യാപകരും ഓഗസ്റ്റ് ഏഴിന് ബി.എ., ന്യൂജനറേഷൻ, കോമൺ വിഷയങ്ങളുടെ അധ്യാപകരും ഓഗസ്റ്റ് എട്ടിന് സയൻസ് വിഷയങ്ങളുടെ അധ്യാപകരും ഉത്തരക്കടലാസ് കൈപ്പറ്റുന്നതിനായി രാവിലെ 9.30ന് ക്യാമ്പുകളിലെത്തണം.

(പി.ആർ.ഒ./39/1482/2019)

**ഇക്കണോമെട്രിക്സ് പഠനം; ദേശീയ ശില്പശാലയ്ക്ക് എം.ജി.യിൽ തുടക്കം**

## അന്തർ വൈജ്ഞാനിക കാഴ്ചപ്പാടിന് പ്രാധാന്യമേറുന്നു; പ്രൊഫ. സാബു തോമസ്

അക്കാദമിക മേഖലയിൽ അന്തർ വൈജ്ഞാനിക കാഴ്ചപ്പാടിന് പ്രാധാന്യമേറിക്കൊണ്ടിരിക്കുകയാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ബിരുദ, ബിരുദാനന്തര ബിരുദ തലത്തിൽ ഇക്കണോമെട്രിക്സ് പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ദേശീയ ശില്പശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അന്തർവൈജ്ഞാനിക വിഷയം എന്ന നിലയിൽ ഇക്കണോമെട്രിക്സിന് പ്രാധാന്യമേറിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സോഷ്യൽ സയൻസ് ഫാക്കൽറ്റി ഡീൻ പ്രൊഫ. കെ.എം. സീതി അധ്യക്ഷത വഹിച്ചു. വിപണി ആവശ്യപ്പെടുന്ന നൈപുണ്യം പ്രദാനം ചെയ്യുന്ന നിലയിൽ പാഠ്യപദ്ധതിയെ മാറ്റുന്നത് ദോഷം ചെയ്യുമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി പ്രൊഫ. രാജൻ വർഗീസ് പറഞ്ഞു. മാർക്കറ്റ് അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയല്ല രൂപപ്പെടേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, കെ.എൻ.ആർ.സി. ഡയറക്ടർ പ്രൊഫ. ജോണി ജോൺസൺ, ജോയിന്റ് ഡയറക്ടർ ഡോ. മാത്യു കുര്യൻ എന്നിവർ പ്രസംഗിച്ചു. ഡോ. ആർ. കാശിലിംഗം, ഡോ. എൻ. വിജയമോഹനൻ പിള്ള, ഡോ. കെ.ടി. തോമാച്ചൻ, ഡോ. പി.കെ. സന്തോഷ്കുമാർ എന്നിവർ ക്ലാസെടുത്തു. ഓഗസ്റ്റ് 11 വരെയാണ് ശില്പശാല.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. കെ.എൻ.രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിന്റെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെ നടത്തുന്ന ഇക്കണോമെട്രിക്സ് പഠനം സംബന്ധിച്ച ദേശീയ ശില്പശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1483/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ